# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.853** **30.10.2019-ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ മേഖലകളിൽ യോഗ്യതയുള്ള, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മെഡിക്കൽ-എഞ്ചിനീയറിംഗ്-നേഴ്സിംഗ്-പാരാമെഡിക്കൽ-ഫാർമസി എന്നീ പ്രൊഫഷണൽ മേഖലകളിൽ യോഗ്യതയുള്ള, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ തൊഴിൽരഹിതരായി നിലവിൽ സംസ്ഥാനത്തുണ്ട്; വിശദവിവരം നൽകുമോ; | (എ) | പട്ടികജാതി വികസന വകുപ്പിൽ വിവരം ശേഖരിച്ചു സൂക്ഷിച്ചിട്ടില്ല.<br>മെഡിക്കൽ-എഞ്ചിനീയറിംഗ്-നേഴ്സിംഗ്-പാരാമെഡിക്കൽ-ഫാർമസി എന്നീ പ്രൊഫഷണൽ മേഖലകളിൽ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട അഭ്യസ്ഥവിദ്യരായവർ ഉൾപ്പെടെ ഉള്ളവരുടെ സമഗ്ര വിവരശേഖരണം പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ നടത്തി വരുന്നു. |
| (ബി) | ടി വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പൊതുമേഖലാ/ സർക്കാർ മേഖലകളിൽ തൊഴിൽ ലഭിയ്ക്കുന്നതിനുമായി എന്തെല്ലാം പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അല്ലെങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനറൽ നഴ്സിംഗ്, ബി.എസ്.സി നഴ്സിംഗ് പാസ്സായ ഉദ്യോഗാർത്ഥികളെ സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും, ജില്ല/ജനറൽ ആശുപത്രികളിൽ മൂന്നുപേർ വീതവും രണ്ട് വർഷത്തേയ്ക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ നഴ്സായി നിയമിച്ച് പരിശീലനം നടത്തി വരുന്നു.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള യുവാക്കൾക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്ന NEP/FNEP, IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കി വരുന്നു. 234 പേർക്ക് വിദേശത്ത് പ്ലേസ്മെന്റ് ലഭിച്ചു.<br>വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി ഇപ്പോൾ വകുപ്പ് നടപ്പാക്കി വരുന്നു. വായ്പാ തുകയുടെ മൂന്നിലൊന്ന് വകുപ്പ് സബ്സിഡിയായി |

നൽകുന്നു. ബാങ്കുകളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മനേജ്മെന്റ് ഡവലപ്മെന്റ്, കെൽട്രോൺ, സെന്റർഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം ടെക്നോളജീസ്, എത്തിയോസ് അക്കാദമി ഫോർ മീഡിയ ഡിസൈൻ, ബ്രൈറ്റ് ലൈറ്റ് സൊസൈറ്റി, ആൾ ഇന്ത്യ ഏഷ്യൻ എഡ്യൂക്കേഷണൽ ഫൗണ്ടേഷൻ, അപ്പോളോ മെഡിസ്കിൽസ്, ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, പ്രോവിൻസ് അഗ്രി സിസ്റ്റം, കുട്ടുക്കരൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിലുറപ്പാക്കുന്നുണ്ട്.

ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

ഐ.റ്റി/ഹാർഡ്‌വെയർ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുള്ള സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന സ്ഥാപനം മുഖേന ഡെസ്ക്ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ വിഭാഗങ്ങളിൽ 282 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

2016-17 സാമ്പത്തിക വർഷം എൻ.റ്റി.റ്റി.എഫ് എന്ന സാങ്കേതിക സ്ഥാപനം മുഖേന ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിച്ച 250 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തി. 2018-19 വർഷത്തിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് 420 കുട്ടികൾക്ക് പരിശീലനം നടത്തിവരുന്നു.

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ്

| | | | |
|---|---|---|---|
| | | | ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകി പ്ലേസ്മെന്റ് നടത്തി വരുന്നു.<br>KASE ഉം പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടിയിൽ 159 കുട്ടികൾക്ക് ഡിപ്ലോമ ഇൻ ആയുർവേദ-പഞ്ചകർമ്മ തെറാപ്പി, ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്, ഡിപ്ലോമ ഇൻ ഫാർമസി, അഡ്വാൻസ് ഇൻ നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, BLS, IELTS നഴ്സിംഗ് കരിയർ അഡ്വാൻസ് പ്രോഗ്രാം. എന്നീ കോഴ്സുകൾ നടപ്പിലാക്കി വരുന്നു. |
| (സി) | ഇതിനായി എന്തെങ്കിലും പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>മുൻഖണ്ഡികയിൽ പരാമർശിച്ച നഴ്സിംഗ് അപ്രൻറിസ്ഷിപ്പ് ട്രെയിനിംഗ് പദ്ധതി കൂടാതെ എഞ്ചിനീയറിംഗ്-നഴ്സിംഗ്-പാരാമെഡിക്കൽ-ഫാർമസി യോഗ്യതയുള്ളവർക്ക് പ്രസ്തുത മേഖലകളിൽ Skill training നൽകി ജോലി ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ Expression of interest വിളിച്ച് വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പാക്കി വരുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>ആധുനിക മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ പരിശോധിച്ച് സാധ്യതകൾ നിലനിൽക്കുന്ന മേഖലകൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്ന നടപടി സർക്കാർ സ്വീകരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യവികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷത്തിലേയ്ക്ക് 1380 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**